## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 155

16.06.2014 ൽ മറുപടിക്ക്

### പൊതു മേഖലാ സ്ഥാപനങ്ങളിലെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണതത്വം പൂർണ്ണമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കും സർക്കാർ വകുപ്പുകളിൽ നിലവിലുള്ള സംവരണ തത്വം തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി മുഖേനയും അല്ലാതെയും നിയമനങ്ങൾ നടത്തി വരുന്നു. നിയമ പ്രകാരമുള്ള സംവരണ ചട്ടങ്ങൾ പാലിച്ചു കൊണ്ടു തന്നെയാണ് പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾ നടത്തുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പത്ര പരസ്യം മുഖേന നേരിട്ടും പൊതുമേഖലാ സ്ഥാപനങ്ങൾ നിയമനങ്ങൾ നടത്തുന്നുണ്ട്. പ്രസ്തുത നിയമനങ്ങളിലെല്ലാം, നിയമപ്രകാരമുള്ള സംവരണ തത്വം പാലിച്ചിരിക്കണമെന്ന് 20.10.1982-ലെ 16309/82/ബി.പി.ഇ/ |

പ്ലാനിംഗ് നമ്പർ സർക്കുലർ, 07.05.1981-ലെ ജി.ഒ(എം.എസ്) നമ്പർ 148/81/ജി.എ.ഡി ഉത്തരവ്, 27.11.1980-ലെ 91333/എസ്.ഡി1/80/ജി.എ.ഡി സർക്കാർ കത്ത്, 28.02.1992-ലെ 14896/ബി.പി.ഇ2/ 91/പ്ലാനിംഗ് സർക്കുലർ, 01.03.1994-ലെ 12068/ബി.പി.ഇ2/93/പ്ലാനിംഗ് സർക്കുലർ, 29.06.1995-ലെ 20025/ബി.പി.ഇ2/94/ പ്ലാനിംഗ് സർക്കുലർ എന്നിവ പ്രകാരം കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ എസ്.സി/എസ്.റ്റി നിയമനങ്ങളിൽ സംവരണ തത്വം പാലിച്ച് നിയമനം നടക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്ന തിനായി ബി.പി.ഇ വകുപ്പ് ത്രൈമാസ അവലോകനം നടത്തി പ്രാതിനിധ്യം കുറവുള്ള സ്ഥാപനങ്ങളിൽ അവ നികുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളി-ലേക്കുള്ള നിയമനം പൂർണ്ണ-മായും പി.എസ്.സിക്ക് വിടുന്നതിനുള്ള നയതീരുമാനം എടുത്തിട്ടും അക്കാര്യത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി മുഖേന നടത്തണമെന്നതാണ് സർക്കാരിന്റെ നയപരമായ തീരുമാനമെങ്കിലും ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്പെഷ്യൽ റൂൾസിന്റെ അഭാവം, സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ |

തന്നെ പ്രസ്തുത ചട്ടങ്ങൾക്ക് സർക്കാരിന്റേയും പബ്ലിക് സർവ്വീസ് കമ്മീഷന്റേയും അംഗീകാരം ലഭ്യമാക്കുക, എന്നിങ്ങനെയുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കേണ്ടതിനാൽ നിയമനങ്ങൾ പി.എസ്.സി മുഖാന്തിരം നടത്തുന്നതിന് സാധിച്ചിട്ടില്ല. നിയമനങ്ങൾ പി.എസ്.സി യ്ക്ക് വിടുന്നതിന്റെ ഭാഗമായി നിയമന ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സമയബന്ധിതമായി അവ രൂപീകരിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ പി.എസ്.സി യുടെ പരിധിയിൽ കൊണ്ടു വരുന്നതിനു വേണ്ട നടപടികൾ കൈകൊള്ളുന്നതിനും 03.09.1986-ലെ 13770/ബി.പി.ഇ/86/പ്ലാനിംഗ്, 17.05.2007-ലെ 15274/ബി.പി.ഇ2/06/പ്ലാനിംഗ് നമ്പർ സർക്കുലറുകൾ പ്രകാരം ബന്ധപ്പെട്ട വർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്രയെണ്ണത്തിൽ നിയമനം ഇപ്പോൾ പി.എസ്.സി വഴി നടക്കുന്നുവെന്നും ഏതെല്ലാം സ്ഥാപനങ്ങളിലേക്കുള്ള നിയമന ങ്ങൾ ഇനി പി.എസ്.സി ക്ക് വിടാനുണ്ടെന്നും അവ ഏതെല്ലാ-മെന്നും വ്യക്തമാക്കുമോ?

(സി) 71 പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിട്ടിട്ടുണ്ട്. പി.എസ്.സിയ്ക്ക് വിട്ടിട്ടുള്ള ചില സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് രൂപീകരണം പൂർത്തിയാകാത്തതിനാൽ പി.എസ്.സി മുഖേനയുള്ള നിയമനം തുടങ്ങിയിട്ടില്ല. നിയമനങ്ങൾ ഇനിയും

പി.എസ്.സിയ്ക്ക് വിടാനുള്ളതും കൃത്യമായ വിവരം ലഭ്യമല്ലാത്തതുമായ സ്ഥാപനങ്ങളുടെ പേരുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
2. കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്
3. സെയിൽ - എസ്.സി.എൽ കേരള ലിമിറ്റഡ്
4. കേരള സ്റ്റേറ്റ് മിനറൽസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
5. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്
6. ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
7. കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ടസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
8. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള
9. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്
10. നോർക്കാ റൂട്ട്സ് ലിമിറ്റഡ്
11. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
12. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്
13. മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ്
14. കേരള സ്റ്റേറ്റ് വുമൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
15. കേരള പവർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്
16. കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്
17. വിഴിഞ്ഞം ഇന്റർ നാഷണൽ സീ പോർട്ട് ലിമിറ്റഡ്
18. കേരള സ്റ്റേറ്റ് എക്സ് സർവ്വീസ്മെൻ വെൽഫയർ കോർപ്പറേഷൻ
19. കേരള സ്റ്റേറ്റ് മൈനോറിറ്റീസ് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്
20. കേരള സ്റ്റേറ്റ് കോസ്റ്റൽ ഏര്യാ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
21. കേരള സ്റ്റേറ്റ് വെൽഫയർ കോർപ്പറേഷൻ ഫോർ ഫോർവേർഡ് കമ്മ്യൂണിറ്റീസ് ലിമിറ്റഡ്
22. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

K [signature]
സെക്ഷൻ ഓഫീസർ